"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എടരിക്കോട് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയത്തിന് ഫർണിച്ചർ വാങ്ങാൻ ലഭിച്ച അനുമതിയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലേക്ക് ക്യാബിനുകൾ, ഫ്രണ്ട് ഓഫീസ് എന്നിവ സ്ഥാപിക്കുകയും ഫർണിച്ചർ വാങ്ങുകയും ചെയ്ത വിഷയത്തിൽ പൂർത്തിയായ പ്രവൃത്തിക്ക് തുക നൽകാൻ അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2224/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/11/2020

---

പരാമർശം:- 1 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.06.2017 -ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.14.

2 എടരിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03/12/2019-ലെ എ2/1728/2016-ാം നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 23/01/2020-ലെ ജെ1-17123/2019 -ാം നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

എടരിക്കോട് ഗ്രാമപഞ്ചായത്തിന്, എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സാംസ്കാരിക നിലയത്തിന് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ഫർണിച്ചർ വാങ്ങാൻ അനുമതി നൽകിയിരുന്നു. എന്നാൽ അപ്രകാരം ഫർണിച്ചർ വാങ്ങുന്നതിന് പകരം, സാംസ്കാരിക നിലയത്തിന്റെ താഴെ നിലയിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലേക്ക് ക്യാബിനുകൾ, ഫ്രണ്ട് ഓഫീസ് എന്നിവ സ്ഥാപിക്കുകയും ഫർണിച്ചർ വാങ്ങുകയും ചെയ്തതിനും ടി പ്രോജെക്ടിൽ പറഞ്ഞിരുന്ന പോലെ സിഡ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങുന്നതിന് പകരം KSIE -യിൽ നിന്നും ഫർണിച്ചർ വാങ്ങിയതിനും സാധൂകരണം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എടരിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിലേക്ക് പരാമർശം (2) പ്രകാരം അപേക്ഷ നൽകിയിരുന്നു. ഇപ്രകാരം ക്രമവിരുദ്ധമായി പ്രവൃത്തി ചെയ്തതിന് സാധൂകരണം നൽകണമെന്ന പഞ്ചായത്തിന്റെ 2017-ലെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (1) യോഗത്തിൽ നിരസിച്ചിരുന്നു.

2. എന്നാൽ പഞ്ചായത്ത് KSIE -യ്ക്ക് സപ്ലൈ ഓർഡർ നൽകുകയും കരാർ വെയ്ക്കുകയും ആയത് പ്രകാരം KSIE പ്രവൃത്തി പൂർത്തീകരിച്ച് 31.08.2018 ൽ ബിൽ നല്കിയിട്ടുള്ളതിനാൽ തുക നൽകേണ്ടത് പഞ്ചായത്തിന്റെ ബാധ്യതയാണെന്നും ടി സ്ഥാപനം കോടതിയെ സമീപിച്ചാൽ ബിൽ തുകയ്ക്ക് പുറമെ അധിക തുക നൽകേണ്ടി വരുമെന്നും ആയതിനാൽ ബിൽ തുക നൽകുന്നതിന് അനുമതി നൽകാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എടരിക്കോട് ഗ്രാമപഞ്ചായത്ത് KSIE -യിൽ

നിന്ന് ഫർണിച്ചർ വാങ്ങി കഴിഞ്ഞതിനാലും, KSIE പ്രവൃത്തി പൂർത്തീകരിച്ച് 31.08.2018 ൽ ബിൽ നല്കിയിട്ടുള്ളതിനാൽ തുക നൽകേണ്ടത് പഞ്ചായത്തിന്റെ ബാധ്യതയായതിനാലും, മേൽ ഫർണിച്ചർ പഞ്ചായത്ത് നിലവിൽ ഉപയോഗിച്ച് വരുന്നതിനാലും, തുക കൈമാറാത്തതിനാൽ KSIE വക്കീൽ നോട്ടീസ് അയച്ചിട്ടുള്ള സാഹചര്യത്തിലും പഞ്ചായത്ത് ഡയറക്ടറുടെ പരാമർശിത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂർത്തിയായ പ്രവൃത്തിയുടെ തുക KSIE യ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, എടരിക്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം .
പ്രിൻസിപ്പൽ അക്കൗണ്ട്നിനാൽടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.11.25 14:28:16 IST
Reason: Approved
സെക്ഷൻ ഓഫീസർ